പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിലും കമ്പ്യൂട്ടർ എയ്ഡഡ് എഡ്യൂക്കേഷൻ നൽകുന്നതിലുമെല്ലാം സമയബന്ധിതമായ നടപടികൾ സ്വീകരിച്ച ഈ ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് അർഹമായ പ്രാധാന്യം കൊടുത്തുകൊണ്ടാണ് മുന്നോട്ടു നീങ്ങുന്നത്. അതുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ കാര്യത്തെക്കുറിച്ചും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട അഗസ്തി ഉന്നയിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുന്നു എന്നുപറഞ്ഞു. അങ്ങയുടെ നിർദ്ദേശപ്രകാരം അങ്ങയുടെ മന്ത്രാലയം അനുമതി നൽകിയതും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയും ക്യാൻസൽ ചെയ്തതുമായ 32 സ്വകാര്യ എൻജിനീയറിംഗ് കോളേജുകൾ എന്ന് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇടുക്കി ജില്ലയിൽ ഒറ്റ എൻജിനീയറിംഗ് കോളേജുമില്ലായിരുന്നു. ഈ ഗവൺമെന്റ് അവിടെ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ തുടങ്ങി. അതുപോലെതന്നെ ഈ കോളേജുകളുടെ കാര്യത്തിലും യഥാസമയം ഈ മുന്നണിയും ഗവൺമെന്റും തീരുമാനമെടുക്കും.

V സബ്മിഷൻ

(1) കേരളത്തിന്റെ കിഴക്കൻ മേഖലയിലുണ്ടായ ഭൂചലനം

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2000 ഡിസംബർ 12-ാം തീയതിയും അതിനുശേഷം ഡിസംബർ 16-ാം തീയതിയും 2001 ജനുവരി 7-ാം തീയതിയും 8-ാം തീയതിയുമുണ്ടായ ശക്തമായ ഭൂചലനങ്ങളുടെ കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. അതിൽ ഡിസംബർ 12-ാം തീയതിയുണ്ടായ ഭൂചലനം റിക്ടർ സ്കെയിലിൽ 5 പോയിന്റാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 16-ാം തീയതിയുള്ള ഭൂചലനം 3.8 ആണ്. 12-ാം തീയതിയും 16-ാം തീയതിക്കുമിടയ്ക്ക് ഏകദേശം 83 പ്രാവശ്യം നേരിയതോതിൽ ഭൂചലനങ്ങളുണ്ടായി. 2001 ജനുവരി 7-ാം തീയതിയുണ്ടായ ഭൂചലനം രേഖപ്പെടുത്തിയിരിക്കുന്നത് ഐ. എം. ഡി. കണക്കനുസരിച്ച് 4.9 എന്നാണ്. 8-ാം തീയതിയുണ്ടായ ഭൂചലനം 3.17 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഡിസംബർ 12-ാം തീയതിയുണ്ടായ ഭൂചലനം കേരളത്തിലെ പത്തു ജില്ലകളിൽ അനുഭവപ്പെട്ടു. 2001 ജനുവരി 7-ാം തീയതിയുണ്ടായ ഭൂചലനം രേഖപ്പെടുത്തിയിരിക്കുന്നത് ഐ. എം. പി. കണക്കനുസരിച്ച് 4.9 എന്നാണ്. 8-ാം തീയതിയുണ്ടായ ഭൂചലനം 3.17 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഡിസംബർ 12-ാം തീയതിയുണ്ടായ ഭൂചലനം കേരളത്തിലെ പത്തു ജില്ലകളിൽ അനുഭവപ്പെട്ടു. 2001 ജനുവരി 7-ാം തീയതിയും 8-ാം തീയതിയും ഉണ്ടായ ഭൂചലനം കേരളത്തിലെ കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ നാലു ജില്ലകളിലാണ് അനുഭവപ്പെട്ടത്. ആയിരക്കണക്കിന്

11 A.M]

LIBRARY ARCHIVES Kerala Legislative Assembly

വീടുകൾക്ക് പൊട്ടലുണ്ടായിരിക്കുന്നു. പള്ളികളും അമ്പലങ്ങളും, മോസ്ക്കുകളും ഉൾപ്പെടെ തകരുന്ന നിലയിലേയ്ക്ക് ഭൂചലനത്തിന്റെ ശക്തിയുണ്ടായി. ബഹുമാനപ്പെട്ട ഗവൺമെന്റ് പത്ത് അംഗങ്ങളുള്ള ഒരു സബ്കമ്മിറ്റി, ഭയപ്പെട്ടിരിക്കുന്ന ജനങ്ങൾക്ക് ആശ്വാസമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയത് നന്ദിയോടുകൂടി സ്മരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കെ. ഇ. ഇസ്മയിലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പി. ജെ. ജോസഫും, ബഹുമാനപ്പെട്ട സാംസ്ക്കാരികകാര്യ വകുപ്പുമന്ത്രി ടി. കെ. രാമകൃഷ്ണനും ചേർന്നുകൊണ്ട് മീനച്ചൽ താലൂക്കിൽ ഭൂചലന ബാധിതപ്രദേശങ്ങൾ സന്ദർശിക്കുകയും ജനങ്ങളുടെ ഭീതിയകറ്റുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ഇപ്പോൾ എൻ.ജി.ആർ.ഐ., ഐഎം.ഡി., ജി.എസ്.ഐ., കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സയന്റിഫിക് വിഭാഗം, സെസ്സ് എന്നീ അഞ്ചു വിഭാഗങ്ങളിലായി ശാസ്ത്രജ്ഞന്മാരുടെ ഒരു നിരതന്നെയുണ്ട്. എന്ന്, എവിടെ, ഭൂചലനമുണ്ടാകുമെന്ന് പ്രവചിക്കാൻ, കഴിവുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങളൊന്നും ഇന്നില്ല. ഭൂചലനമുണ്ടായിക്കഴിഞ്ഞാൽ അതിന്റെ ശക്തി എത്രമാത്രമാണെന്ന് പറയാനുള്ള അറിവുമാത്രമാണ് ശാസ്ത്രലോകത്തുള്ളത്. കഴിഞ്ഞ ഒരാഴ്ചയായി കൊല്ലം കേന്ദ്രീകരിച്ചുകൊണ്ട് ഇതുപോലെ ചെറിയ ഭൂചലനങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ഈരാറ്റുപേട്ടയിൽ രണ്ട് സെസ്മോഗ്രാഫുകൾ സ്ഥാപിച്ചിരിക്കുന്നു. ഇന്നലെയും മിനിഞ്ഞാന്നും, നാലാന്നാളുമൊക്കെ നേരിയ ഭൂചലനങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്താണെങ്കിലും കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി കേരളം ഭൂചലനബാധിത പ്രദേശമായി കണക്കാക്കാനുള്ള സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയെ 5 പോർഷനായി തിരിച്ചിട്ടുള്ളതിൽ മൂന്നാമത്തെ മേഖലയാണ് കേരളം. അഞ്ചാമത്തെ മേഖലയായ ഗുജറാത്തിലുണ്ടായ അപകടങ്ങൾ എത്രയോ വലുതാണെന്ന് നമുക്കറിയാം. മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ടിരിക്കുന്ന കേരളത്തിൽ 5.7 പോയിന്റ് വരെ ശക്തിയുള്ള ഭൂചലനം ഉണ്ടാകുമെന്നാണ് ശാസ്ത്രലോകം പറയുന്നത്. പക്ഷേ അതിനെ പൂർണ്ണമായി വിശ്വസിക്കാൻ കഴിയുന്നില്ല. 6 പോയിന്റ് ഉണ്ടാകുമെന്ന് പറഞ്ഞ സ്ഥലത്ത് 7.8 പോയിന്റ് ഉണ്ടായിരിക്കുന്നു. അതുകൊണ്ട് ശാസ്ത്രലോകത്തിന്റെ വിധിയും പൂർണ്ണമായി വിശ്വസിക്കാൻ കഴിയാത്ത സാഹചര്യമാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കാനുള്ളത്, ഭൂചലനങ്ങൾ സംബന്ധിച്ച് ഞങ്ങളുടെ മേഖലയിലുണ്ടായിരിക്കുന്ന ഭീതിയകറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ വീടുകളും സ്ഥാപനങ്ങളും നശിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടികളും സ്വീകരിക്കണമെന്നാണ്. അത് ഇന്നുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ദുഃഖകരമാണ്. എത്രയുംവേഗം ആ നഷ്ടപരിഹാരം എത്തിച്ചുകൊടുത്ത് ആശ്വാസമെത്തിക്കാനുള്ള നടപടി സ്വീകരിക്കണം. 2000 ഡിസംബർ 12-ാം തീയതിയും 16-ാം തീയതിയും 2001 ജനുവരി 7,8 തീയതികളിലുമുണ്ടായ ഭൂചലനത്തിന്റെ കേന്ദ്രം മീനച്ചൽ താലൂക്കിലെ കൊണ്ടൂർ എന്ന പ്രദേശമാണെന്ന് മനസ്സിലാക്കുന്നു. 12-ാം തീയതിയുണ്ടായ ഭൂചലനത്തിന്റെ ഹൈപ്പർ സെന്റർ ഏകദേശം 20 കി.മീ.നു

LIBRARY ARCHIVES Kerala Legislative Assembly

താഴെയാണെങ്കിൽ 7-ാം തീയതിയുണ്ടായ ഭൂചലനത്തിന്റെ ഹൈപ്പർ സെന്റർ വെറും 9 കി.മീ. മാത്രം ഭൂമിക്കടിയിലാണ്. അത് 3 കി. മീ. അടിയിലായിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്ത് നമുക്ക് ചിന്തിക്കാൻ കഴിയാത്ത അപകടമുണ്ടാകുമായിരുന്നു. അതുകൊണ്ട് എത്രയുംവേഗം കൂടുതൽ സെസ്മോഗ്രാഫുകൾ സ്ഥാപിക്കാനുള്ള നടപടിയും പാവങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഈ പ്രസംഗമൊന്നും ഇതിലില്ല. ഇതൊക്കെ മറുപുറമാണ്. ഇതൊക്കെ പ്രസംഗമേയുള്ളൂ. കോട്ടയം ജില്ലയിലെ പൂഞ്ഞാർ മണ്ഡലത്തിൽ 2000 ഡിസംബർ 2001 ജനുവരി മാസങ്ങളിലുണ്ടായ ഭൂചലനത്തെ സംബന്ധിച്ച് പി.സി. ജോർജ്ജിന്റെ സബ്മിഷൻ. പ്രസ്തുത സബ്മിഷന് 19-2-2001-ൽ നിയമസഭയിൽ മറുപടി പറയണം. ഇതാണ് എനിക്ക് കിട്ടിയ നോട്ടീസ്. ഈ വിഷയം സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട്. ഇതു മാത്രമല്ലാതെ ഇവിടെ പ്രസംഗിച്ച കാര്യങ്ങളൊന്നും ഇതിലില്ല. അതിനു മാത്രമേ മറുപടിയും പറയാൻ പോകുന്നുള്ളൂ. അത്രേയുള്ളൂ. ഈ പ്രസംഗം മുഴുവൻ വെള്ളത്തിലാണ്. കാരണം തന്ന റിപ്പോർട്ട് ഇതാണ്. പി.സി. ജോർജ്ജ് എഴുതിയതാണ് ഞാൻ വായിച്ചത്. മനസ്സിലായോ ? പ്രസംഗം മുഴുവൻ വെള്ളത്തിലാണ്. 31-1-2001 വരെയുള്ള കാലയളവിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന മീനച്ചൽ താലൂക്കിൽനിന്നും നഷ്ടപരിഹാരത്തിനായി കളക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 944 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആകെ 16,75,961 രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. ഭൂചലനം, പ്രകൃതിക്ഷോഭ ദുരന്തമായി കണക്കാക്കി, അതേ നിരക്കിൽ നഷ്ടപരിഹാരം നൽകുവാൻ സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. നാശനഷ്ടങ്ങളുടെ കണക്ക് വിശദമായി പരിശോധിച്ച ശേഷം ധനസഹായം വിതരണം ചെയ്യുന്നതാണ്.

(2) മലപ്പുറം മഠത്തിൽ ഹരിജൻകോളനിയിൽ നടന്ന അക്രമം

ശ്രീ. എൻ. കണ്ണൻ : 30-1-2001-ന് മലപ്പുറം ജില്ലയിൽ പുൽപ്പറ്റ പഞ്ചായത്തിൽ മഠത്തിൽ ഹരിജൻ കോളനിയിലുണ്ടായ അക്രമസംഭവങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 30-1-2001-ന് ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുപ്പ് നടന്ന് വിജയിച്ച് ആഹ്ലാദപ്രകടനം നടത്തുന്ന സമയത്താണ് അൻപതോളം വരുന്ന അക്രമിസംഘം കോളനിയിൽ കയറി അക്രമങ്ങൾ ഉണ്ടാക്കിയത്. യു.ഡി.എഫ്- ന്റെ പ്രവർത്തകരാണ് ഈ കോളനിയിൽ കയറി അക്രമമുണ്ടാക്കിയത്. ജാനകി, ബീന, ഷീജ, ബിന്ദു, രാമചന്ദ്രൻ, സോമസുന്ദരം എന്നീ ആളുകളെ വീടുകളിൽ കയറി ആക്രമിക്കുകയും സ്ത്രീകളെ ബ്ലൗസുകൾ വലിച്ചുകീറി അപമാനിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ചക്കി എന്ന 55 വയസ്സുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ചോറുപാത്രം ചവുട്ടിത്തെറിപ്പിച്ചു. അവർക്ക് കൊയ്ത്തിന് കിട്ടിയ പതം വച്ചിരുന്നതടക്കം പുറത്തെടുത്ത് എറിഞ്ഞു കളഞ്ഞു. മാത്രമല്ല ഭീകരമായി ഈ സ്ത്രീയെ മർദ്ദിച്ചു. നാണിമാൻ

LIBRARY ARCHIVES Kerala Legislative Assembly